# മഹാത്മാഗാന്ധി സർവകലാശാല

നം.സി ബി സി എസ് എസ് /എ ആർ XIV /ബി എ/ V സെമസ്റ്റർ /2017

പ്രിയദർശിനി ഹിൽസ്
തിയതി 06/03/2017

## വിജ്ഞാപനം

2016 ഒക്ടോബർ മാസം നടത്തിയ അഞ്ചാം സെമസ്റ്റർ സി ബി സി എസ് എസ് ബി എ മോഡൽ I, II, III റെഗുലർ, റീ അപ്പിയറൻസ്സ് (2013/2014 അഡ്മിഷൻ) പരീക്ഷകളുടെ ഫലം വിവിധ പാസ് ബോർഡുകളുടെ അംഗീകാരത്തിന് ശേഷം **06-03-2017** തീയതിയിൽ പ്രസിദ്ധീകരിച്ചു. വിഷ്വൽ കമ്മ്യൂണിക്കേഷൻ, മാസ്സ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം, കോർപ്പറേറ്റ് എക്കണോമിക്സ്, എക്കണോമിക്സ് ഹോണോഴ്സ് എന്നിവയുടെ പരീക്ഷ ഫലം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

ടി പരീക്ഷകളുടെ ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം നടത്തുവാൻ താല്പര്യപെടുന്നവർ നിശ്ചിത ഫോറത്തിൽ ഒരു പേപ്പറിന് 350/ രൂപ (മുന്നൂറ്റിയമ്പത് രൂപ മാത്രം) നിരക്കിൽ ഫീസൊടുക്കി **21.03.2017** നോ അതിനു മുൻപോ പരീക്ഷ കൺട്രോളറുടെ ഓഫിസിൽ സമർപ്പിക്കണ്ടതാണ്.

ടി പരീക്ഷകളുടെ ഉത്തരക്കടലാസുകൾ സൂക്ഷ്മപരിശോധന നടത്തുവാൻ താല്പര്യപെടുന്നവർ നിശ്ചിത ഫോറത്തിൽ ഒരു പേപ്പറിന് 140/ രൂപ (നൂറ്റിനാല്പതു രൂപ മാത്രം) നിരക്കിൽ ഫീസൊടുക്കി **21.03.2017** നോ അതിനു മുൻപോ പരീക്ഷ കൺട്രോളറുടെ ഓഫിസിൽ സമർപ്പിക്കണ്ടതാണ്.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ ഫോം സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്. ഗ്രേഡ് കാർഡുകളുടെ പകർപ്പുകൾ അപേക്ഷകൾക്കൊപ്പം സമർപ്പിക്കേണ്ടതില്ല. ആദ്യ മൂല്യനിർണയത്തിൽ കിട്ടിയ യഥാർത്ഥ മാർക്ക് അപേക്ഷയിൽ കാണിക്കേണ്ടതില്ല. എന്നാൽ ഹാൾ ടിക്കറ്റിന്റെ പകർപ്പോ കമ്പ്യൂട്ടർ ജനറേറ്റഡ് മാർക്ക് ലിസ്റ്റോ അപേക്ഷയോടൊപ്പം നിർബന്ധമായും ചേർത്തിരിക്കണം.

അപൂർണമോ താമസിച്ചു ലഭിക്കുന്നതോ ആയ അപേക്ഷകൾ നിരുപാധികം തള്ളിക്കളയുന്നതായിരിക്കും.

Sd/-
**പരീക്ഷാ കൺട്രോളർ**

വിതരണത്തിന് അംഗീകരിച്ചത്

അസിസ്റ്റന്റ് രജിസ്ട്രാർ XIV (പരീക്ഷ)

MAHATMA GANDHI UNIVERSITY KOTTAYAM

**പകർപ്പ്**

1. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ
2. പബ്ലിക് റിലേഷൻസ് ഓഫീസർ (പത്രകുറിപ്പിനുവേണ്ടി)
3. അന്വേഷണ വിഭാഗം
4. സിസ്റ്റം അധികാരി (പരീക്ഷ ഫലം അപ്ലോഡ് ചെയ്യുന്നതിനുവേണ്ടി)
5. പരീക്ഷ കൺട്രോളറുടെ പി എ
6. എ ആർ II, XVIII, ഡി ആർ IV /ജെ ആർ I പരീക്ഷ
7. സീറ്റെക്സ്
8. സ്റ്റോക്ക് ഫയൽ /ഫയൽ പകർപ്പ്